പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1388 — 02/03/2017 ൽ മറുപടിയ്ക്ക്

## റീ-സർവ്വെ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുവാനുള്ള തീരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) & (ബി) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭ ഘട്ടത്തിൽ കാസറഗോഡ് ജില്ലയിലെ 10 വില്ലേജുകളുടെ റീസർവ്വേ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്(ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം), ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നിവയുടെ സഹായത്തോടെ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) റീസർവ്വേ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ നിലവിലില്ലാത്ത തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ